# പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1169 — 05.03.2018 – ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി.സത്യൻ**<br>**ശ്രീ.എം.രാജഗോപാലൻ**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ. കെ.ഡി. പ്രസേനൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതൊക്കെയാണ്; | (എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നിവയാണ്. |
| (ബി) ഈ രംഗത്ത് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; | (ബി) ഈ രംഗത്ത് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഗൃഹശ്രീ ഭവന പദ്ധതി<br><br>സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള/റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽ പ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാകുന്നുണ്ട്. |

2. <u>സാഫല്യം ഭവന പദ്ധതി</u>

സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/ പഞ്ചായത്തിന്റെ സഹകരണ ത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി . സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമായിരുന്നു.

3. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരി ന്റെയും ധനസഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

5. <u>പാരമ്പര്യം മാതൃകയിൽ നടപ്പി ലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ സമാഹരിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

| | |
|---|---|
| (സി) പട്ടിക ജാതി, പട്ടിക വർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്; | (സി) പട്ടിക ജാതി, പട്ടിക വർഗ്ഗ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുമാത്രമായി പ്രത്യേകം ഭവന പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. |
| (ഡി) സർക്കാരിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷനുമായി ചേർന്ന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഭവന നിർമ്മാണ ബോർഡ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കാസർഗോഡ് ജില്ലയിൽ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് ബോർഡ് തയ്യാറാക്കി ലൈഫ് മിഷനിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ